**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 209** **07-06-2021 - ൽ മറുപടിയ്ക്ക്**

**ആദിവാസി കോളനികളിലെ കോവിഡ് വ്യാപനം തടയുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | Smt Veena George<br>(ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ ആദിവാസി മേഖലകളിലും ആദിവാസി കോളനികളിലും കോവിഡ് -19 പടർന്ന് പിടിക്കുന്നത് തടയുന്നതിനും കോവിഡ് ബാധിക്കുന്ന ആദിവാസികൾക്ക് ആവശ്യമായ അടിയന്തര ചികിത്സ നൽകുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | കേരളത്തിലെ ആദിവാസി മേഖലകളിലും ആദിവാസി കോളനികളിലും കോവിഡ് 19 പടർന്നു പിടിക്കുന്നത് തടയുന്നതിനും കോവിഡ് ബാധിക്കുന്ന ആദിവാസികൾക്ക് ആവശ്യമായ അടിയന്തിര ചികിത്സ നൽകുന്നതിനുമായി താഴെ പറയുന്ന നടപടികൾ ജില്ലകളിൽ സ്വീകരിച്ചിട്ടുണ്ട്. ട്രൈബൽ കോളനികളിൽ കോവിഡ് 19 രോഗം കണ്ടുപിടിക്കുന്നതിനായി സ്വാബ് ടെസ്റ്റ് നടത്തി വരുന്നു. ജില്ലകളിൽ ആശാവർക്കർമാർ, ജെ.പി.എച്ച്.എൻ-മാർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ, ട്രൈബൽ ആശമാർ (Hamlet ASHA മാർ) (ഉള്ള സ്ഥലങ്ങളിൽ) മെഡിക്കൽ ആഫീസർമാർ എന്നിവരടങ്ങിയ ആർ.ആർ.റ്റി രൂപീകരിച്ചിട്ടുണ്ട്. പോസിറ്റീവ് ആയിട്ടുള്ളവരെ ചികിത്സിക്കുന്നതിനായി ചികിത്സാ സൗകര്യാർത്ഥം ഡി.സി.സി, സി.എഫ്.എൽ.റ്റി.സി, സി.എസ്.എൽ.റ്റി.സി, മറ്റ് സർക്കാർ കോവിഡ് ആശുപത്രികൾ എന്നിവിടങ്ങളിൽ സൗകര്യം ഒരുക്കിയിട്ടുണ്ട്. പ്രാഥമിക സമ്പർക്ക പട്ടികയിൽ ഉൾപ്പെടുന്നവർക്ക് സമ്പർക്ക വിലക്ക് ഏർപ്പെടുത്തുകയും നിശ്ചിത ദിവസങ്ങളിൽ കോവിഡ് പരിശോധന നടത്തുകയും രോഗം സ്ഥിരീകരിക്കപ്പെടുന്നതുമായ രോഗികളെ മാറ്റി പാർപ്പിച്ച ചികിത്സയും നൽകി വരുന്നു. അപകടഘട്ടം കഴിയുന്നതുവരെ കോളനികളെ മൈക്രോ കൺടെയ്ൻമെന്റ് സോണുകളായി തിരിക്കുകയും കോളനി നിവാസികൾക്ക് ആവശ്യവസ്തുക്കളുടെ ലഭ്യതയും ആരോഗ്യ പരിരക്ഷയും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ സഹവർത്തിത്തത്തോടെ ഉറപ്പു വരുത്തുന്നു. മഹാമാരിയെ ചെറുക്കാനാവശ്യമായ എല്ലാ മുന്നറിയിപ്പുകളും ഗോത്ര ഭാഷയിൽ എഫ്.എം റേഡിയോ മുഖാന്തിരവും ഊരുമിത്രം ആശ, Taisal |

| | | | |
|---|---|---|---|
| | | | Pramoloa ആശ, ജെ.എച്ച്.ഐ, ജെ.പി.എച്ച്.എൻ എന്നിവർ മുഖാന്തിരവും നൽകി വരുന്നു. ഊരുമിത്രം എന്ന പേരിൽ വയനാട് ജില്ലയിൽ ഗോത്രമേഖലകൾ കേന്ദ്രീകരിച്ച് കോവിഡ് പരിശോധന ക്യാംമ്പയിൻ സംഘടിപ്പിക്കുന്നു. അവിടെ വാക്സിനേഷൻ ഉറപ്പ് വരുത്തുന്നതിനായി ഊർജ്ജ വാക്സിനേഷൻ യജ്ഞമായ ഗോത്രസുരക്ഷാ പദ്ധതിയും നടപ്പിലാക്കി വരുന്നു. കോവിഡ് രോഗം ബാധിച്ചിട്ടുള്ളവരുടെ സമ്പർക്കങ്ങളിലുള്ള ആൾക്കാരെ യഥാസമയം പൊതുജനാരോഗ്യ വിഭാഗം ജീവനക്കാർ കണ്ടെത്തി ട്രൈബൽ വിഭാഗം, ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപന ജീവനക്കാരുടെ സഹായത്തോടു കൂടി ടെസ്റ്റിംഗ്, ക്വാറന്റൈൻ എന്നിവയ്ക്കുള്ള സംവിധാനം ഏർപ്പെടുത്തുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി വിവിധ ഐ.ഇ.സി പ്രവർത്തനങ്ങളും നടത്തി വരുന്നു. പോസിറ്റീവ് രോഗികളെ കണ്ടെത്തുന്നതിനായി മെഡിക്കൽ മൊബൈൽ യൂണിറ്റിന്റെ സേവനം വഴി ആന്റിജൻ ടെസ്റ്റ് നടത്തി വരുന്നു. ആരോഗ്യ വകുപ്പിലെ ജീവനക്കാർ, ആശാ പ്രവർത്തകർ എന്നിവർ ചേർന്ന് വീട് വീടാന്തരം നടന്ന് മാർഗ്ഗ നിർദ്ദേശം നൽകുകയും സോപ്പ്, സാനിറ്റൈസർ, കൈകഴുകൽ എന്നിവ സംബന്ധിച്ച് അവബോധം നൽകുകയും ചെയ്യുന്നതാണ്. കോവിഡ് 19 എസ്.റ്റി വാക്സിനേഷൻ ഡാറ്റാഷീറ്റ് പ്രകാരം 31/05/2021 വരെ അകെ 79761 ആദിവാസികൾക്ക് വാക്സിനേഷൻ നൽകിയിട്ടുണ്ട്. |
| (ബി) | കോവിഡ് ബാധിച്ച് ഇതുവരെ കേരളത്തിൽ എത്ര ആദിവാസികൾ മരണപ്പെട്ടു എന്ന് അറിയിക്കുമോ; | (ബി) | കോവിഡ് ബാധിച്ച് കേരളത്തിൽ ഇതുവരെ 14 ജില്ലകളിലായി 50 (അമ്പത്) (03.06.2021 കണക്ക് പ്രകാരം) രോഗികൾ മരണപ്പെട്ടിട്ടുണ്ട്. |
| (സി) | കോവിഡ് ബാധിച്ച് മരണപ്പെടുന്ന ആദിവാസികളുടെ കുടുംബത്തിന് ധനസഹായം അനുവദിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (സി) | നിലവിൽ ധനസഹായം നൽകുന്നില്ല. |
| (ഡി) | ആദിവാസികൾക്ക് കോവിഡ് വാക്സിനേഷന് മുൻഗണന നല്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | ആദിവാസി വിഭാഗത്തെ കോവിഡ് വാക്സിനേഷനായുള്ള മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ